**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5728** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഇടുക്കി പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇടുക്കി ജില്ലയുടെ സമഗ്ര വികസനത്തിനായി പ്രഖ്യാപിച്ച ഇടുക്കി പാക്കേജ് നിലവിൽ വന്നത് എന്നാണ്; പ്രസ്തുത ജില്ലയ്ക്കായി എത്ര തുകയുടെ പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | 2021 ൽ 12000 കോടി രൂപയുടെ പാക്കേജാണ് ഇടുക്കി ജില്ലയുടെ വികസനത്തിനായി പ്രഖ്യാപിച്ചിരുന്നത്. ഇടുക്കി ജില്ലയുടെ സാമൂഹിക സാമ്പത്തിക വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ജില്ലാ വികസന പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ, സഹകരണ മേഖല എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ വികസനമാണ് സംസ്ഥാന സർക്കാർ ഇടുക്കി ജില്ലയ്ക്കായി പ്രഖ്യാപിച്ചിട്ടുള്ളത്. 2022-23, 2023-24 സാമ്പത്തികവർഷങ്ങളിൽ 75 കോടി രൂപ വീതം ബജറ്റിൽ പ്രത്യേക ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) | നാളിതുവരെ എത്ര തുക പ്രസ്തുത പാക്കേജിനായി അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ഇടുക്കി പാക്കേജിനായി പ്രഖ്യാപിച്ച തുക ഘട്ടംഘട്ടമായി വിവിധ വകുപ്പുകളിലൂടെയാണ് ചെലവഴിക്കുന്നത്. വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമെ പാക്കേജിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതലത്തിൽ ഏറ്റെടുക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമായ 2022-23ൽ 75 കോടി രൂപയും, 2023-24 ൽ 75 കോടി രൂപയും യഥാക്രമം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതാണ്. |
| (സി) | ഇടുക്കി പാക്കേജ് എത്ര വർഷംകൊണ്ട് നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | ജില്ലയുടെ സമഗ്രമായ വികസനം ലക്ഷ്യമിട്ടാണ് ഇടുക്കി പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. പാക്കേജിന്റെ കാലാവധി സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത ജില്ലയുടെ ഏതൊക്കെ മേഖലകളിലെ വികസനങ്ങൾക്കാണ് തുക വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | ഇടുക്കി ജില്ലയുടെ സാമൂഹിക സാമ്പത്തിക വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ആരോഗ്യം ,കൃഷി അനുബന്ധ വ്യവസായം, ക്ഷീര വികസനം, മണ്ണ് ജലസംരക്ഷണം, ശിശുക്ഷേമം, വിദ്യാഭ്യാസം, കായിക വികസനം, ടൂറിസം, അടിസ്ഥാന സൗകര്യ |

| | | | |
|---|---|---|---|
| | | | വികസനം എന്നീ മേഖലകൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ